**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 4184**

**12.11.2019 - ൽ മറുപടിക്ക്.**

## കഞ്ചിക്കോട്ടെ വ്യവസായ മേഖലയുടെ പുനരുജ്ജീവനം

| ചോദ്യം<br>ശ്രീ. ഷാഫി പറമ്പിൽ | | മറുപടി<br>**ശ്രീ. ഇ. പി. ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).** |
|---|---|---|
| (എ) കഞ്ചിക്കോട്ടെ വ്യവസായ മേഖലയിലെ യൂണിറ്റുകൾ നഷ്ടത്തിലായതിനെത്തുടർന്ന് പൂട്ടിക്കൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) : | ഉണ്ട്. |
| (ബി) കഞ്ചിക്കോട്ടെ വ്യവസായ മേഖല സംരംക്ഷിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) : | കഞ്ചിക്കോട്ടെ വ്യവസായ മേഖല സംരംക്ഷിക്കുന്നതിനായി മാത്രം പ്രത്യേക് പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല. എന്നാൽ തകർച്ച നേരിടുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിനു വേണ്ടി പീഡിത വ്യവസായ യൂണിറ്റുകളെ പുനരുദ്ധരിക്കുന്ന പദ്ധതി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) പ്രതികൂല സാഹചര്യങ്ങളിൽ ബുദ്ധിമുട്ട് അനുഭവിച്ച് പ്രവർത്തനം നിർത്തേണ്ടിവന്ന നൂറുകണക്കിന് ചെറുകിട വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുവാൻ കഞ്ചിക്കോട് വ്യവസായ മേഖലയെ ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ആക്കി മാറ്റി സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുമായി യോജിച്ച് ഒരു പാക്കേജ് നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ ഈ നടപടിയുടെ പുരോഗതി അറിയിക്കാമോ ? | (സി) : | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.

ജക/24/10/19